# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1297

30.01.2018-ന് മറുപടിയ്ക്ക്

## മങ്കടയിലെ സ്കൂളുകളുടെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി 2017-18 ബജറ്റ് പ്രസംഗത്തിൽ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് മങ്കട മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സ്കൂളിന്റെ പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി 2017-18 ബജറ്റ് പ്രസംഗത്തിൽ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് മങ്കട നിയോജക മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കടുങ്ങാപുരം ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |
| (ബി) | മങ്കട മണ്ഡലത്തിൽ എൽ.പി/യു.പി സ്കൂളിന് ഒരു കോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രപ്പോസൽ പരിഗണിക്കുമോ; പ്രസ്തുത തുക അംഗീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മങ്കട മണ്ഡലത്തിലെ ഗവ.യു.പി. സ്കൂൾ, പാങ്ങ് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചു. ആയത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച്, ഭരണാനുമതി നൽകുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |
| (സി) | ക്യാമ്പയിന്റെ ഭാഗമായി മണ്ഡലത്തിലെ ഏഴോളം സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണത്തിനു നൽകിയ പ്രപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | അംഗീകരിച്ചു. ആദ്യഘട്ടമായി തെരഞ്ഞെടുത്ത എല്ലാ സ്കൂളുകൾക്കും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ